8638

## തൃശ്ശൂർ ജില്ലാ ദുരന്തനിവാരണ അതോറിറ്റി ചെയർപേഴ്സൺ &
## ജില്ലാ കളക്ടറുടെ നടപടിക്രമം

(സാന്നിദ്ധ്യം : ഡോ. എ. കൗശിഗൻ, ഐ.എ.എസ്)

18388

വിഷയം: ദുരന്തനിവാരണ ആക്ട് 2005 – വകുപ്പുകളുടെയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയും കൈവശം ഉള്ള ഭൂമിയിലെ അപകടകരമായ മരം/ചില്ലകൾ മുറിച്ചുമാറ്റുന്നത് - ദുരന്തനിവാരണ ആക്ട് പ്രകാരം ഉത്തരവ് - ഭേദഗതി വരുത്തിയ ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം:
1. ജില്ലാ ദുരന്ത നിവാരണ അതോറിറ്റി ചെയർപേഴ്സൺ & ജില്ലാ കളക്ടറുടെ 23.05.17 ലെ ഇതേ നമ്പർ നടപടിക്രമം.
2. 22.05.17 ലെ റവ-161/K1/2016-റവ നമ്പർ സർക്കാർ പരിപത്രം.

**ഉത്തരവ് നമ്പർ കെ1-25230/2017 തീയതി : 05.09.2017**

മൺസൂൺ മുന്നൊരുക്കങ്ങളുടെ ഭാഗമായി പാതയോരത്തെയും വിവിധ വകുപ്പ്/തദ്ദേശ സ്വയംഭരണസ്ഥാപനങ്ങൾ എന്നിവകളിലെ അപകടകരമായ മരങ്ങളുടെ ശിഖരങ്ങൾ മുറിച്ചുമാറ്റി സുരക്ഷ ഉറപ്പുവരുത്തുന്നതിന് പരാമർശം (1) പ്രകാരം നിർദ്ദേശം നൽകി ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

പരാമർശം (2) ലെ മാർഗ്ഗനിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ പരാമർശം (1) പ്രകാരമുള്ള നടപടിക്രമം ജില്ലാ ദുരന്ത നിവാരണ അതോറിറ്റി ചെയർപേഴ്സൺ & ജില്ലാ കളക്ടറായ ഡോ. എ. കൗശിഗൻ ഐ.എ.എസ്. ദുരന്ത നിവാരാണ ആക്ട് 2005 ലെ സെക്ഷൻ 26(2) ലെ അധികാരം വിനിയോഗിച്ചുകൊണ്ട് സെക്ഷൻ 30(2)(v) പ്രകാരം താഴെ പരാമർശിക്കുന്ന രീതിയിൽ ഭേദഗതി വരുത്തി ഉത്തരവാകുന്നു.

ജില്ലയിലെ എല്ലാ വകുപ്പുകളുടെയും തദ്ദേശ സ്വയംഭരണസ്ഥാപനങ്ങളുടെയും കൈവശം ഉള്ള ഭൂമിയിൽ ഉള്ള അപകടകരമായ മരങ്ങളും മരച്ചില്ലകളും കണ്ടെത്തി. മുറിച്ചുമാറ്റുന്നതിന് എല്ലാ തദ്ദേശ സ്വയംഭരണ സെക്രട്ടറിമാർ, പൊതുമരാമത്ത് വകുപ്പ് (റോഡ്സ്) എക്സിക്യൂട്ടീവ് എഞ്ചിനീയർ, ജില്ലയിലെ എല്ലാ സർക്കാർ സ്ഥാപനങ്ങളിലെയും മേധാവിമാർ/ഓഫീസ് സമുച്ചയങ്ങളുടെ എസ്റ്റേറ്റ് ഓഫീസർമാർ, സ്കൂൾ - കോളേജ് സ്ഥാപനമേധാവികൾ എന്നിവർ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്. ഇതിനായി വകുപ്പുകൾ/സ്ഥാപനങ്ങൾ സ്വന്തമായി പണം കണ്ടെത്തേണ്ടതാണ്. അപകടകരം എന്നും അടിയന്തിരമായി മാറ്റേണ്ടത് എന്നും കണ്ടെത്തുന്ന മരങ്ങളും മരച്ചില്ലകളും മുറിക്കുവാനുള്ള അനുമതി നൽകുന്നതിന് പ്രാദേശികമായി തദ്ദേശ സ്വയംഭരണസ്ഥാപന സെക്രട്ടറി, വില്ലേജ് ഓഫീസർ, പ്രദേശത്തെ വനം റേഞ്ച് ഓഫീസർ എന്നിവർ അടങ്ങുന്ന ഒരു സമിതി ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപന സെക്രട്ടറിമാർ രൂപീകരിക്കേണ്ടതും സമിതിയുടെ തീരുമാനം ജില്ലാ ദുരന്ത നിവാരണ അതോറിറ്റി ചെയർപേഴ്സണായ ജില്ലാ കളക്ടറെ അറിയിക്കേണ്ടതുമാണ്. അടിയന്തിരമല്ലാത്ത സാഹചര്യത്തിൽ വനം വകുപ്പിന്റെ പ്രാദേശിക ട്രീ കമ്മിറ്റിയുടെ അനുമതിക്കുശേഷം മാത്രമേ മരം മുറിക്കുവാൻ പാടുള്ളൂ. ഈ നിർദ്ദേശം അനുസരിക്കാത്ത വകുപ്പുകൾക്കായിരിക്കും അവരവരുടെ ഭൂമിയിലുള്ള മരം വീണ് ഉണ്ടാകുന്ന എല്ലാ അപകടങ്ങൾക്കും നഷ്ടപരിഹാരം നൽകുവാൻ ബാധ്യത.

(ഒപ്പ്)
ജില്ലാ ദുരന്തനിവാരണ അതോറിറ്റി ചെയർപേഴ്സൺ &
ജില്ലാ കളക്ടർ

സ്വീകർത്താവ് :

1. ജില്ലാ പോലീസ് മേധാവി (സിറ്റി/റൂറൽ), തൃശ്ശൂർ (എല്ലാ സ്റ്റേഷൻ ഹൗസ് ഓഫീസർമാർക്കും പകർപ്പ് നൽകുന്നതിന്)
2. റവന്യൂ ഡിവിഷണൽ ഓഫീസർ, തൃശ്ശൂർ (ടൗൺഹാൾ പരിസരത്തെ സുരക്ഷ ഉറപ്പാക്കുന്നതിന്)
3. ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ, തൃശ്ശൂർ/വാഴച്ചാൽ/ചാലക്കുടി (എല്ലാ സബ് ഓഫീസർമാർക്കും നൽകുന്നതിന്)
4. അസിസ്റ്റന്റ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്, സോഷ്യൽ ഫോറസ്ട്രി, തൃശ്ശൂർ
5. റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർ, തൃശ്ശൂർ (എല്ലാ ജോയിന്റ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാർക്കും നൽകുന്നതിന്)
6. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തൃശ്ശൂർ (ഉത്തരവിന്റെ പകർപ്പ് എല്ലാ ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാർക്കും നൽകുന്നതിന്)

Scanned by CamScanner